(ഇ) 6 (ആറ്) വാഹനങ്ങൾക്കെതിരെ നടപടിയെടുത്തിട്ടുണ്ട്.

ജലഗതാഗത വകുപ്പിൽ സർവ്വീസ് നടത്തുന്ന ബോട്ടുകൾ

129 [2256] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിൽ ഇപ്പോൾ എത്ര ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട്;

(ബി) ഇതിൽ തടി ബോട്ടുകൾ, സ്റ്റീൽ ബോട്ടുകൾ, ഫൈബർ ബോട്ടുകൾ ഇവ എത്ര വീതം ഉണ്ട്;

(സി) ഇവയുടെ ഓരോന്നിലെയും ഇന്ധനചെലവ് എത്ര വീതമാണ് എന്നറിയിക്കാമോ;

(ഡി) വകുപ്പിന്റെ ശരാശരി പ്രതിമാസ നഷ്ടം എത്രയാണ്;

(ഇ) നഷ്ടം കുറയ്ക്കുവാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 51 ബോട്ടുകൾ.

(ബി) 47 തടി ബോട്ടുകൾ, 3 സ്റ്റീൽ ബോട്ടുകൾ, 1 ഫൈബർ ബോട്ട്.

(സി) ഒരു ബോട്ടിന് ശരാശരി ഒരു മണിക്കൂർ പ്രവർത്തിക്കുന്നതിന് 10 ലിറ്റർ ഡീസൽ ചെലവാകുന്നുണ്ട്.

(ഡി) ഏകദേശം 50 ലക്ഷം രൂപ മുതൽ 60 ലക്ഷം രൂപ വരെ ശരാശരി പ്രതിമാസ നഷ്ടം വരുന്നുണ്ട്.

(ഇ) ഉണ്ട്. ജനത്തിരക്ക് ഇല്ലാത്ത സമയങ്ങളിലെ ഷെഡ്യൂൾ കുറയ്ക്കുക, ഇന്ധന ചെലവു കുറയ്ക്കുക, ബോട്ടുകൾ വാടകയ്ക്കു കൊടുത്ത് വരുമാനം വർദ്ധിപ്പിക്കുക, കാർഗോ സർവ്വീസ് ആരംഭിക്കുക.

സംസ്ഥാനത്ത് റെയിൽവേ ഗതാഗതത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന വികസന പദ്ധതികൾ

130 [2257] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റെയിൽവേ ഗതാഗതത്തിൽ വികസന സാദ്ധ്യതകൾ കണക്കിലെടുത്ത് യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ സംസ്ഥാനത്തിന് പുതിയ തീവണ്ടികളും, പാത ഇരട്ടിപ്പിക്കൽ, ലൈൻ ഇലക്ട്രിഫിക്കേഷൻ തുടങ്ങി എന്തെല്ലാം പദ്ധതികളാണ് അനുവദിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) തിരുവനന്തപുരം-എറണാകുളം (ആലപ്പുഴ) ഇന്റർസിറ്റി എക്സ്പ്രസ്സ് തൃശ്ശൂർ വരെ നീട്ടുന്നതിനുള്ള നിർദ്ദേശം പരിഗണനയിൽ ഉള്ളതായി അറിയാമോ;

(ഡി) കൊച്ചി-ട്രിച്ചി എക്സ്പ്രസ്സ് (ടീ-ഗാർഡൻ) വേളാങ്കണ്ണി വരെ നീട്ടുന്നതിനുള്ള നടപടി പരിഗണനയിലുള്ളതായി അറിയാമോ;

(ഇ) റെയിൽവേ സ്റ്റേഷനുകളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയാമോ;

(എഫ്) തൃശ്ശൂർ റെയിൽവേ സ്റ്റേഷനിൽ യാത്രക്കാർക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) റെയിൽവേ ഗതാഗതത്തിൽ വികസന സാദ്ധ്യതകൾ കണക്കിലെടുത്ത് സംസ്ഥാനത്ത് യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി ദീർഘദൂര ട്രെയിനുകൾ നിർത്തുന്ന 29 സ്റ്റേഷനുകളിൽ പ്ലാറ്റ്ഫോമുകൾ ദീർഘിപ്പിക്കുവാനും, 7 സ്റ്റേഷനുകളിൽ പ്ലാറ്റ്ഫോമുകൾ ഉയർത്തുവാനും, 10 സ്റ്റേഷനുളിൽ പ്ലാറ്റ്ഫോം ഷെൽറ്റുകൾ നിർമ്മിക്കുവാനും, 9 സ്റ്റേഷനുകളിൽ അംഗവൈകല്യമുള്ള യാത്രക്കാർക്ക് യാത്രാ സൗകര്യം സുഗമമാക്കുവാനും, 13 സ്റ്റേഷനുകളിൽ ശുദ്ധജലം ലഭ്യമാക്കുവാനും, ആറു സ്റ്റേഷനുകളിൽ പ്ലാറ്റ്ഫോം പ്രതലം നവീകരിക്കുവാനും, 4 സ്റ്റേഷനുകളിൽ തുറസ്സായ സ്ഥലം വികസിപ്പിക്കുവാനും, 10 സ്റ്റേഷനുകളിൽ പബ്ലിക് അഡ്രസ്സ് സിസ്റ്റം, ഇലക്ട്രോണിക് ഡിസ്പ്ലേ ബോർഡുകൾ, കോച്ച് ഗൈഡൻസ് സിസ്റ്റം എന്നിവ സ്ഥാപിക്കുവാനും, 4 സ്റ്റേഷനുകളിൽ സ്റ്റേഷൻ കെട്ടിടം വികസിപ്പിക്കുവാനും, മൂന്നു സ്റ്റേഷനുകളിൽ അപ്രോച്ച് റോഡ് വികസിപ്പിക്കുവാനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിശദമായ റെയിൽവേ ബജറ്റ് സർക്കാരിൽ ലഭ്യമായിട്ടില്ല.

(സി ആന്റ് ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ഇ) പ്ലാറ്റ്ഫോമുകൾ ദീർഘിപ്പിക്കൽ, പ്ലാറ്റ്ഫോമുകൾ ഉയർത്തൽ, പ്ലാറ്റ്ഫോം ഷെൽട്ടറുകൾ നിർമ്മിക്കൽ, വികലാംഗ യാത്രക്കാർക്കായി സൗകര്യങ്ങൾ സജ്ജീകരിക്കൽ, ശുദ്ധജലം എത്തിക്കൽ, പ്ലാറ്റ്ഫോം പ്രതലം നവീകരിക്കൽ, സ്റ്റേഷനുകളിൽ തുറസ്സായ സ്ഥലം വികസിപ്പിക്കൽ, പബ്ലിക് അഡ്രസ്സ് സിസ്റ്റം, ഇലക്ട്രോണിക് ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിക്കൽ, കോച്ച് ഗൈഡൻസ് സിസ്റ്റം സ്ഥാപിക്കൽ, സ്റ്റേഷൻ കെട്ടിടങ്ങൾ വിപുലീകരിക്കൽ, അപ്രോച്ച് റോഡുകൾ വികസിപ്പിക്കൽ മുതലായ നടപടികളാണ് സ്വീകരിച്ചു വരുന്നത്. 2003-2004 സാമ്പത്തിക വർഷത്തിൽ യാത്രക്കാർക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിനായി 4.66 കോടി രൂപ ചെലവിൽ 26 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 24.27 കോടി രൂപയുടെ വിവിധ പണികൾ പലഘട്ടങ്ങളിലായി നടന്നു വരുന്നു.

(എഫ്) പ്രത്യേക ആവശ്യം ഉന്നയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly